# ഹാജുമോളുയർത്തിയ സംശയം

**കോ**ളിംങ്ങ് ബെൽ മുഴങ്ങിയപ്പോൾ ഹാജുമോൾ കാതോർത്തു. ആരാണീ സമയത്ത്? ഉപ്പൂപ്പയോടൊത്ത് ആന കളിക്കണമെന്നാഗ്രഹിച്ചതാണ്. അതിന് തടസ്സം നേരിടുമെന്നോർത്തപ്പോൾ അവൾക്ക് ദേഷ്യം തോന്നി.

‘അസ്സലാമു അലൈക്കും’’



സലാം മടക്കി ഉപ്പൂപ്പ ആഗതരെ സ്വാഗതം ചെയ്തു. ഇരിപ്പിടം ചൂണ്ടി അയാൾ പറഞ്ഞു: ‘ഇരിക്കിൻ’

ഇരിക്കുന്നതിനിടയിൽ ഉപ്പൂപ്പയുടെ കൈതണ്ടയിൽ മുഖം കനപ്പിച്ചിരിക്കുന്ന ഹാജുമോളുടെ കവിളിൽ തടവി ആഗതർ ചോദിച്ചു.... ‘മോൾടെ പേരെന്താ?’’

അതോടെ ഹാജുമോളുടെ മുഖം കൂടുതൽ കനത്തു. മുഖം വീർപ്പിച്ചിരിക്കുന്ന ഹാജുമോളെ വാരിയെടുത്ത് മുഖത്തൊരു ഉമ്മ കൊടുത്ത് ഉപ്പൂപ്പ പറഞ്ഞു: “ഇന്റെ പൊന്നൂന്റെ പേര് ഹാജൂട്ടീ....ന്നാ’’

അതു കേട്ടപാടെ ഹാജുമോൾടെ മുഖം പ്രസന്നമായി.

ഉപ്പൂപ്പ ഇരുന്നപ്പോൾ പതിവുപോലെ ഹാജുമോൾ

ഉപ്പൂപ്പയോട് ചേർന്ന് ഇരുന്നു. മണിക്കൂറുകൾ നീണ്ട സംഭാഷണങ്ങൾ കേട്ടിരിക്കാറുള്ള ഹാജുട്ടിക്ക് പതിവുപോലെ ക്ഷമിച്ചിരിക്കാൻ കഴിഞ്ഞില്ല. ഉപ്പൂപ്പയോടൊത്ത് ആന കളിക്കാനുള്ള തന്റെ ആഗ്രഹം തകർത്ത ആഗതരോടുള്ള കുശുമ്പ് ഹൃദയത്തിൽ വർദ്ധിക്കുകയാണ്. ഉപ്പൂപ്പനോട് എന്തെങ്കിലും സംശയം തീർക്കാനായി വന്നവരാകും.

അതിനുമുമ്പു ഉപ്പൂപ്പയോടൊരു ചോദ്യം ചോദിച്ച് അവരുടെ ശ്രദ്ധ തിരിക്കണമെന്നവൾക്ക് തോന്നി.

പെട്ടെന്ന് ഉപ്പൂപ്പയുടെ മുഖം തന്നിലേക്ക് തിരിച്ചുപിടിച്ച് ഹാജുമോൾ ചോദിച്ചു: ''ഉപ്പൂപ്പാ!... ഇക്കൊരു സംശ്യണ്ട്...പറഞ്ഞ്യോരോ?''

''അയ്നെന്താ... ഹാജുമോൾക്ക് ഉപ്പൂപ്പാ എന്ത് സംശ്യം ചോയ്ച്ചാലും പറഞ്ഞ്യേരില്ലേ. ഉപ്പൂപ്പ വല്ല്യ പണ്ഡിതനാ. അതല്ലേ നാട്ട്യാര് സംശയം ചോദിക്കാനിങ്ങോട്ട് വരുന്നതും ശൈഖ് എന്ന് വിളിക്കുന്നതും'' മറുപടി കേട്ടപ്പോൾ ഹാജുമോളുടെ മുഖത്ത് സന്തോഷം കളിയാടി.

'ഉപ്പൂപ്പാ... ഇമ്മച്ചി പറ്യാണ് ഞാൻ ചീത്ത കുട്ട്യാണെന്ന്... ഉപ്പൂപ്പാ... ഞാൻ ചീത്ത കുട്ട്യാണോ?''

''ഉപ്പൂപ്പാടെ കുട്ടി നല്ല കുട്ട്യാണ്... ഉമ്മച്ചി തമാശ പറഞ്ഞതാവും.'' ഹാജുമോളുടെ തല തടവിക്കൊണ്ടയാൾ മൊഴിഞ്ഞു. അതു തന്നെ ആഗതരും ഏറ്റു പറഞ്ഞു.

പെട്ടെന്ന് ഹാജുമോൾടെ മനസ്സിൽ മറ്റൊരു സംശയമുടലെടുത്തു. ''ഉപ്പൂപ്പാ!... ഉപ്പൂപ്പ നല്ല ആളാണോ? ഓർക്കാപുറത്ത് തനിക്കെതിരെയുയർന്ന ആ ചോദ്യം അയാളെ മൗനിയാക്കി. എല്ലാ സംശയങ്ങൾക്കും ഉത്തരം നൽകാറുള്ള പണ്ഡിതന്റെ മറുപടിക്ക് വേണ്ടി ആഗതർ കാതോർത്തു. ആഗതരുടെ നോട്ടം തന്നെ കേന്ദ്രീകരിച്ചിരിക്കുന്നത് അയാൾ ശ്രദ്ധിച്ചു. ഓരോരുത്തരും സ്വയം ഉത്തരം കാണേണ്ട ചോദ്യമാണെന്ന് അയാളുടെ മനം മന്ത്രിച്ചു. അതെ ഭൂമിലോകത്ത് ജീവിച്ചിരിക്കുന്ന ഒരാൾക്കും പെട്ടെന്നുത്തരം പറയാൻ കഴിയാത്ത ചോദ്യം!... ഉപ്പൂപ്പയുടെ മൗനം കണ്ട് ഹാജുമോൾ ആഗതരെ നോക്കി വീണ്ടും ചോദിച്ചു:

''നിങ്ങൾ നല്ലവരാണോ?''

തങ്ങൾ നല്ലവരാണോയെന്ന ആത്മ പരിശോധനയിൽ മുഴുകിയ അവരും മൗനികളായി. അല്ലാഹുവിന് മാത്രം അറിയാവുന്ന നിഗൂഢമായ ആ സത്യം മരണത്തോടെ മാത്രമേ തങ്ങൾക്കറിയാവൂയെന്ന യാഥാർത്ഥ്യം അവരുടെ ആത്മപരിശോധനയിൽ വ്യക്തമായി.

തങ്ങൾ എല്ലാവരും സ്വയം നല്ലവരാണെന്ന് കരുതുന്നു. പക്ഷെ ഒരു കുട്ടിയുടെ ചോദ്യത്തിനു മുമ്പിൽ പതറിപ്പോകുന്നു. ആഗതരുടെ ശ്രദ്ധ ഈ ചോദ്യത്തിലൂടെ തന്നിലേക്കാക്കിയതിൽ ഹാജുട്ടിക്ക് അതീവ സംതൃപ്തി തോന്നി. അവളുടെ ചോദ്യം ഒരു സമസ്യ പോലെ ആ അകത്തളത്തിൽ വീണ്ടും വീണ്ടും മുഴങ്ങിക്കൊണ്ടിരുന്നു.

എ. എച്ച് തൃത്താല